ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. പോളിഹൗസിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ കീടനാശിനി പ്രയോഗം വളരെ വിരളമാണ്. ആയതിനാൽ കീടനാശിനി പ്രയോഗം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബംഗ്ളൂരു ആസ്ഥാനമായുള്ള റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗിന് കീഴിൽ കേരളത്തിലെ പഴം, പച്ചക്കറി മേഖലയിലെ ജൈവകൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള റീജിയണൽ കൗൺസിൽ ആയി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം പ്രവർത്തിച്ചുവരുന്നു.

കൂടാതെ ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കി അവരെക്കൊണ്ട് കൃഷിചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവ കൃഷിയിടങ്ങളായി പ്രഖ്യാപിക്കുന്ന Participatory Guarantee System നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർ

190 (4230) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) താല്കാലിക ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോയെന്ന വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിലവിൽ 367 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) കരാർ അടിസ്ഥാനത്തിൽ ആറ് (6) പേരും ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് (2) ഡ്രൈവർമാരും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത കോർപ്പറേഷൻ ചെയർമാൻ സമർപ്പിച്ച നിവേദനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2009-ൽ നിയമിക്കപ്പെട്ട 98 ക്ലാസ് IV ജീവനക്കാരുടെ കാര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് അന്വേഷണത്തിന്റെ പുരോഗതി തീർപ്പാക്കലിന് വിധേയമായി 1963-ലെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഉചിതമായ തീരുമാനം കൈകൊള്ളുവാൻ വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് 21-5-2015-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃഷി അവബോധ പഠന ക്ലാസുകൾ

191 (4231) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവതീയുവാക്കൾക്ക് നവീന കൃഷിരീതിയെക്കുറിച്ച് ശാസ്ത്രീയ അവബോധം നൽകി കൃഷിയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക സർവ്വകലാശാല ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിനായി കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ കോളേജുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് കൃഷി അവബോധ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിൽ സർവ്വകലാശാലയിലെ നവീന കൃഷി രീതികളെക്കുറിച്ചും നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചും ജനങ്ങളിൽ എത്തിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല ടെക്നോളജി ഹബ്ബ് എന്ന ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ ടെക്നോളജി ഹബ്ബ് മുഖേന പൊതുജനങ്ങൾക്ക് അവരുടെ ആവശ്യപ്രകാരം സർവ്വകലാശാലയുടെ വിവിധതരം സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നു. കൂടാതെ സ്കൂൾ ഓഫ് എന്റർപ്രണ്യർഷിപ്പ് ഡെവലപ്മെന്റ് എന്ന ഒരു സംരംഭം ഇതേ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. മണ്ണുത്തിയിലെ ഈ സ്ഥാപനത്തിൽ യുവതീയുവാക്കൾ അടക്കം വിവിധ തുറകളിൽപ്പെട്ടവർക്ക് നവീന കൃഷിരീതിയെക്കുറിച്ചും അനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly